Website.www.keralapsc.org Phone : 04712546253
E-mail-kpsc@keralapsc.org

# കേരള പബ്ലിക് സർവ്വിസ് കമ്മീഷൻ

നമ്പർ : ES(2)3360/99/EW/D തിരുവനന്തപുരം,
ദർഘാസ് നമ്പർ : 01/2013 തീയതി :29/11/2013.

## ദർഘാസ് നോട്ടീസ്

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ ആവശ്യങ്ങൾക്കായി താഴെപ്പറയുന്ന രൂപത്തിലും വലിപ്പത്തിലും നിർദ്ദേശാനുസരണം വിവരങ്ങൾ അച്ചടിച്ചതും ഗുണമേന്മയുള്ളതുമായ ക്ലോത്ത് ലൈൻഡ് കോൺഫിഡൻഷ്യൽ കവറുകൾ നൽകുന്നതിനായി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം തിരുവനന്തപുരം - 695004 എന്ന മേൽവിലാസത്തിൽ 02 /01 / 2014 വൈകുന്നേരം 3 മണി വരെ സ്വീകരിക്കുന്നതാകുന്നു. മേൽപ്പറഞ്ഞ സമയത്ത് ഹാജരുള്ളവരും ദർഘാസുകൾ സമർപ്പിച്ചിട്ടുള്ളവരുമായവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ 3200 രൂപയും 4% വാറ്റും അടക്കം 3328/- രൂപയ്ക്ക് ലഭിക്കുന്നതാകുന്നു. ദർഘാസിന്റെ പകർപ്പ് ഓരോന്നും 1600/- രൂപയും 4% വാറ്റും അടക്കം 1664/- രൂപയ്ക്ക് ലഭിക്കുന്നതാകുന്നു. ദർഘാസ് ഫോറത്തിന്റെ വില പണമായോ DD ആയോ MO ആയോ സ്വീകരിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ തപാലിൽ ആവശ്യമുള്ളവർ ദർഘാസ് ഫോറത്തിന്റെ വിലയും വാറ്റും ഉൾപ്പടെയുള്ള തുക മണിയോർഡറായി അയച്ചുതരേണ്ടതും മതിയായ സ്റ്റാമ്പൊട്ടിച്ച കവറിൽ മേൽവിലാസമെഴുതി അയക്കേണ്ടതുമാകുന്നു. മണി ഓർഡർ മുഖേന വിതരണം ചെയ്യുന്ന അവസാന തീയതി 02/01/ 2014 വരെയാകുന്നു. ചെക്ക്, പോസ്റ്റൽ ഓർഡർ മുതലായവ സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറങ്ങൾ VPP ആയി അയയ്ക്കുന്നതല്ല. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.

കോൺഫിഡൻഷ്യൽ കവറുകളുടെ വിവരണം

ഇനം I (part A) നീളം - 22 cm, വീതി - 13.2 cm കൂടാതെ ബെല്ലോ – 6.3 cm, ഔട്ട് സൈഡ് ഫ്ലാപ്പ് - 10.5 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 40000 (നാൽപ്പതിനായിരം)

ഇനം II (part B) നീളം - 22 cm, വീതി - 17 cm കൂടാതെ ബെല്ലോ – 6.3 cm ഔട്ട് സൈഡ് ഫ്ലാപ്പ് - 10.5 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 40000 (നാൽപ്പതിനായിരം)

ഇനം III നീളം - 32 cm, വീതി - 23 cm കൂടാതെ ബെല്ലോ – 9.8 cm ഔട്ട് സൈഡ് ഫ്ലാപ്പ് - 15 cm ഇൻസൈഡ് ഫ്ലാപ്പ് - 11 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 30000 (മുപ്പതിനായിരം)

ഇനം IV നീളം - 32 cm, വീതി - 22.5 cm കൂടാതെ ബെല്ലോ – 7.5 cm ഔട്ട് സൈഡ് ഫ്ലാപ്പ് - 11.5 cm ഇൻസൈഡ് ഫ്ലാപ്പ് - 10.5 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 20000 (ഇരുപതിനായിരം)

ഇനം V (IC/ID Proof) നീളം - 22 cm, വീതി - 13.2 cm കൂടാതെ ബെല്ലോ – 7.3 cm ഔട്ട് സൈഡ് ഫ്ലാപ്പ് - 9.5 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 60000 (അറുപതിനായിരം)

ഇനം VI നീളം - 30 cm, വീതി - 22 cm കൂടാതെ ബെല്ലോ – 15 cm ഔട്ട് സൈഡ് ഫ്ലാപ്പ് - 19 cm ഇൻസൈഡ് ഫ്ലാപ്പ് - 19 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 5000 (അയ്യായിരം)

ഇനം VII നീളം - 44 cm, വീതി - 30 cm കൂടാതെ ബെല്ലോ – 7.5 cm ഔട്ട് സൈഡ് ഫ്ലാപ്പ് - 18 cm ഇൻസൈഡ് ഫ്ലാപ്പ് - 16 cm എന്നീ അളവുകളും ഉണ്ടായിരിക്കേണ്ടതാകുന്നു.

കവറുകളുടെ എണ്ണം - 60000 (അറുപതിനായിരം)

മേൽപറഞ്ഞ കവറുകളുടെ താഴെ ഭാഗത്തുള്ള ഫ്ലാപ്പ് ഒട്ടിച്ചിരിക്കേണ്ടതും, മുകൾ ഭാഗത്തുള്ള ഫ്ലാപ്പ് തുറന്നിരിക്കേണ്ടതുമാകുന്നു. ഇനം I മുതൽ VI വരെയുള്ള കവറുകളുടെ പുറത്ത് പരീക്ഷാ സംബന്ധമായ വിശദവിവരങ്ങൾ (Annexure 1 ആയി ചേർത്തിട്ടുണ്ട്) അച്ചടിക്കേണ്ടതാകുന്നു. ഇനം VII കവറിന്റെ പുറത്ത് ചോദ്യപേപ്പർ തുറക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ (Annexure 2 ആയി ചേർത്തിട്ടുണ്ട്) അച്ചടിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കവറുകൾ കമ്മിഷന്റെ ആസ്ഥാന ഓഫീസിൽ എത്തിക്കുന്നതിന് വേണ്ട ചെലവുകളും, മറ്റെല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കണം ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. ഒരു കവറിന്റെ വിലയും, ആകെ കവറുകളുടെ വിലയും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. വിതരണം ചെയ്യുന്ന കവറുകളുടെ മാതൃക ദർഘാസിനൊപ്പം ഹാജരാക്കേണ്ടതാകുന്നു. ദർഘാസുകളെ സംബന്ധിച്ച എല്ലാ സർക്കാർ നിബന്ധനകളും ഈ ദർഘാസിന് ബാധകമാകുന്നു.

മുദ്ര വച്ച കവറുകളുടെ പുറത്ത് `ക്ലോത്ത് ലൈൻഡ് കവറുകൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് ' എന്നെഴുതിയിരിക്കണം. ദർഘാസിൽ കാണിക്കുന്ന നിരക്കുകൾക്ക് ദർഘാസ് അംഗീകരിക്കുന്ന തീയതി മുതൽ ഒരു വർഷം വരെ പ്രാബല്യമുണ്ടായിരിക്കും. ടെണ്ടർ ഫോമിന്റെ ആറാം പേജിൽ പ്രസ്താവിച്ചിട്ടുള്ള കരാർ 100 രൂപയുടെ

മുദ്രപത്രത്തിൽ ദർഘാസിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം. നിരത ദ്രവ്യം ഇനത്തിൽ അടങ്കൽ തുകയുടെ 1% ( Rs 21000/-) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് (PO), തിരുവനന്തപുരം എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാകുന്നു. ഇ.എം.ഡി/സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ നല്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകിയിട്ടുള്ള പുതുക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചിരിക്കണം. ദർഘാസുകൾ സംബന്ധിച്ച സർക്കാർ വ്യവസ്ഥകൾ ഈ ടെൻഡറിന് ബാധകമാണ്.

കരാർ നേടുന്ന സ്ഥാപനം വിതരണം ചെയ്യുന്ന കവറുകളുടെ ശരിയായ ഗുണ നിലവാരം ആദ്യന്തം പാലിച്ചിരിക്കേണ്ടതാകുന്നു. നിർദ്ദിഷ്ട നിലവാരത്തിലുള്ള ക്ലോത്ത് ലൈൻഡ് കോൺഫിഡൻഷ്യൽ കവറുകൾ കമ്മിഷന്റെ ആസ്ഥാന ഓഫീസിൽ എത്തിച്ചു തരേണ്ടതാണ്. ദർഘാസ് കാരണം കൂടാതെ റദ്ദാക്കുവാനും നിരാകരിക്കുവാനുമുള്ള പൂർണ്ണ അധികാരം കേരള പബ്ലിക് സർവ്വീസ്സ് കമ്മീഷന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

സ്ഥാപനങ്ങളുടെ ഔദ്യോഗിക/വാണിജ്യ ലെറ്റർ പാഡുകളിലൂടെ ടെൻഡർ ഫോമിനായി അപേക്ഷിക്കാവുന്നതാകുന്നു.

<u>പട്ടിക</u>

<u>ദർഘാസ് സംബന്ധിച്ച വിവരങ്ങൾ</u>

(1) ദർഘാസിന്റെ സ്വഭാവം : ക്ലോത്ത് ലൈൻഡ് കവറുകൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് .

(2) ദർഘാസിന്റെ കാലാവധി : ദർഘാസ് അംഗീകരിക്കുന്ന തീയതി മുതൽ 1 വർഷം വരെ.

(3) ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതി :02/01/2014 2 PM വരെ

(4) ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 02/01/2014 വൈകുന്നേരം 3 മണിവരെ

(5) ദർഘാസ് തുറക്കുന്ന സമയം : 02/01/2014 വൈകുന്നേരം 3.30.

(6) ദർഘാസ് ഫോറത്തിന്റെ വില : 1 അസ്സൽ - 3200/- + 4% വാറ്റ്.

2. പകർപ്പ് - 1600/ + 4% വാറ്റ്.

(7) നിരത ദ്രവ്യം : Rs 21000/-

(8) അടങ്കൽ തുക : Rs 21,00000/-

കുറിപ്പ് :- പ്രസ്തുത ദിവസം പിന്നീട് അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തെരഞ്ഞെടുക്കുന്നതാണ്.

<u>മുദ്ര വച്ച ദർഘാസുകൾ അയക്കേണ്ട മേൽവിലാസം</u>

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം പാലസ് (PO),
തിരുവനന്തപുരം - 695004

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ